പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.5725 02.07.2014-ൽ മറുപടിക്ക്**

**കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ജി.സുധാകരൻ<br>ശ്രീമതി.പി.അയിഷാ പോറ്റി<br>ശ്രീ.രാജു എബ്രഹാം<br>ശ്രീ.എം.ഹംസ | | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) | കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ കടിവെള്ള പദ്ധതികളുടെ നടത്തിപ്പിനും മറ്റ് അനുബന്ധ ദൈനംദിന ചെലവു കൾക്കുമായി ഈ സാമ്പത്തിക വർഷം എന്തു തുക വേണ്ടി വരുമെന്നാണ് കണക്കാക്കിയിരിക്കുന്നതെന്നും കടിവെള്ള ചാർജ്ജിനത്തിൽ എന്തു തുക വരവ് പ്രതീക്ഷിക്കുന്നുവെന്നും അറിയിക്കുമോ ; | (എ) | കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനും മറ്റ് അനുബന്ധ ദൈനംദിന ചെലവു കൾക്കുമായി ഏകദേശം 908 കോടി രൂപ വേണ്ടിവരുമെന്ന് കണക്കാക്കുന്നു.<br>കുടിവെള്ള ചാർജ്ജിനത്തിൽ നടപ്പു സാമ്പത്തിക വർഷം ഏകദേശം 375 കോടി രൂപ വരവ് പ്രതീക്ഷിക്കുന്നു. |
| (ബി) | പ്രസ്തുത വ്യത്യാസം നികത്താനായി പദ്ധതിയേതര സഹായമായി കേരള വാട്ടർ അതോറിറ്റിക്ക് എന്ത് തുക നീക്കിവച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; | ബി) | നടപ്പു സാമ്പത്തിക വർഷം പദ്ധതിയേതര സഹായമായി 225.16 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| സി) | വരവ് ചെലവുകളിലെ അന്തരം കുടിവെള്ള വിലയെ ബാധിക്കുമോ;<br>വ്യക്തമാക്കുമോ ? | സി) | വരവ് ചെലവുകളിലെ അന്തരം കുടിവെള്ള വിലയെ ബാധിക്കുന്നതാണ്. കേരള വാട്ടർ അതോറിറ്റിയുടെ പ്രധാന ചെലവുകളായ വൈദ്യുതി ചാർജ്ജ്, അറ്റകുറ്റപ്പണികൾ, രാസവസ്തുക്കളുടെ വില വർദ്ധനവ്, ജീവനക്കാരുടെ ശമ്പളം, പെൻഷൻ, മറ്റ് ആനുകൂല്യങ്ങൾ എന്നിവയിൽ വന്ന വർദ്ധനവ് കാരണം കുടിവെള്ളത്തിന്റെ ചാർജ് വർദ്ധിപ്പിക്കേണ്ടത് അനിവാര്യ മായിരിക്കുന്നു. |

സെക്ഷൻ ഓഫീസർ